## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നം.257 — 10.12.2018 -ൽ മറുപടിയ്ക്ക്

### പ്രളയ ദുരിതത്തിൽ അകപ്പെട്ട വിദ്യാർത്ഥികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ഡി. പ്രസേനൻ<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.ആന്റണി ജോൺ | പ്രൊഫ: സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സ്കൂളുകളിൽ ഏർപ്പെടുത്തിയിട്ടുള്ള ഹൈടെക് സംവിധാനങ്ങളിൽ പ്രളയം വരുത്തി വച്ച കേടുപാടുകൾ എന്തെല്ലാ മാണ് എന്ന് വ്യക്തമാക്കുമോ; | എ) പ്രളയ ബാധിത സ്കൂളുകളിൽ നടത്തിയ സർവേ പ്രകാരം 488 ലാപ് ടോപ്പുകൾക്കും 697 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾക്കും 145 പ്രൊജക്റ്ററുകൾക്കും കേടുപാടുകൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. |
| ബി) പ്രളയ ദുരിതത്തിൽ അകപ്പെട്ട വിദ്യാർത്ഥികളുടെ പുനരധിവാസത്തിനും സംരക്ഷണത്തിനുമായി വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | ബി) പ്രളയ ദുരന്തത്തിൽ അകപ്പെട്ട മുഴുവൻ വിദ്യാർത്ഥികൾക്കും പാഠപുസ്തകങ്ങൾ, നോട്ട് ബുക്കുകൾ, മറ്റ് പഠന സാമഗ്രികൾ, യൂണിഫോം എന്നിവ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ UNICEF -ന്റെയും ചൈൽഡ് ലൈനിന്റെയും നേതൃത്വത്തിൽ കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസുകൾ, മാനസികോല്ലാസ പരിപാടികൾ എന്നിവ നടത്തുകയും ചെയ്തിട്ടുണ്ട്. |
| സി) പാഠപുസ്തകങ്ങൾ നഷ്ടപ്പെട്ട കുട്ടികൾക്ക് പാഠപുസ്തകങ്ങളും നോട്ടുബുക്കുകളും യൂണിഫോമും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | സി) പ്രളയദുരന്തത്തിൽ പാഠപുസ്തകങ്ങളും നോട്ട് ബുക്കുകളും നഷ്ടപ്പെട്ട എല്ലാ കുട്ടികൾക്കും പാഠപുസ്തകങ്ങളും, നോട്ട് ബുക്കുകളും വിതരണം ചെയ്തു. യൂണിഫോം നഷ്ടപ്പെട്ട 421 സ്കൂളുകളിലെ 11158 കുട്ടികൾക്ക് യൂണിഫോം വിതരണം നടത്തി വരുന്നു. |
| ഡി) പ്രളയം മൂലം സ്കൂളുകളിൽ നഷ്ടപ്പെട്ട പ്രവൃത്തി ദിനങ്ങൾ എപ്രകാരം പുനക്രമീകരിക്കാനാണ് തീരുമാനിച്ചി ട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ഡി) പ്രളയംമൂലം സ്കൂളുകളിൽ നഷ്ടപ്പെട്ട പ്രവൃത്തി ദിനങ്ങൾ പുന: ക്രമീകരിക്കുന്നതിന് ജില്ലകളിൽ വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ നേതൃത്വത്തിൽ ക്യൂ.ഐ.പി. (Quality Improvement Programme) യോഗം വിളിച്ചു ചേർത്ത് നഷ്ടപ്പെട്ട പ്രവൃത്തി ദിനങ്ങൾ എത്രയെന്ന് കണ്ടെത്തി ശനിയാഴ്ച ഉൾപ്പെടെയുള്ള അവധി ദിനങ്ങൾ പ്രവൃത്തി ദിനങ്ങളായി മാറ്റി കലണ്ടർ തയ്യാറാക്കി എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിന് അതാതു വിദ്യാഭ്യാസ ഉപഡയറക്ടർമാരെ ഇതിനകംചുമതലപ്പെടുത്തിയിട്ടുണ്ട്. |

| | |
|---|---|
| ഇ) വിദ്യാർത്ഥികൾക്കായി സ്കൂളുകളിൽ കൗൺസലിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ? | ഇ) പ്രളയം ബാധിച്ച എല്ലാ ജില്ലകളിലും UNICEF-NIMHANS - ബാംഗ്ലൂർ എന്നിവയുമായിചേർന്ന് Recreational Counselling പരിപാടി എസ്.സി.ഇ.ആർ.ടി സംഘടിപ്പിച്ചു. അതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ ആലപ്പുഴ, എറണാകുളം, പത്തനംതിട്ട ജില്ലകളിലും, രണ്ടാം ഘട്ടത്തിൽ വയനാട്, ഇടുക്കി, പാലക്കാട്, കോട്ടയം, തൃശ്ശൂർ ജില്ലകളിലേയും അദ്ധ്യാപകർക്ക് പരിശീലനം നൽകി. ഏകദേശം ആറായിരത്തോളം അദ്ധ്യാപകർക്ക് പരിശീലനം നൽകി. പ്രസ്തുത അദ്ധ്യാപകർ സ്കൂളിലെ വിദ്യാർത്ഥികൾക്ക് നേരിട്ട് പരിശീലനം നടത്തി വരുന്നു. മൂന്നാം ഘട്ടമായി മറ്റു നാലു ജില്ലകളിലും പരിശീലന പരിപാടി ആരംഭിച്ചിട്ടുണ്ട്. തുടർ കൗൺസിലിംഗ് സേവനങ്ങളും NIMHANS- മായി ചേർന്ന് നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ